8180
14/8/14

കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യനീതി വകുപ്പ് - സംയോജിത ശിശുവികസന സേവന പദ്ധതി- ഐ.ഇ.സി-2014-15-അംഗൻവാടിതല ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നതിന് ഭരണാനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

സാമൂഹ്യനീതി (ബി) വകുപ്പ്

സ.ഉ(സാധാ) നം.515/2014/സാനീവ തീയതി, തിരുവനന്തപുരം, 12 .08.2014.

---

പരാമർശം : (1) 19.7.2014 ലെ സാമൂഹ്യനീതി ഡയറക്ടറുടെ ഐസിഡിഎസ്/ബി1- 10393/14 നംപർ കത്ത്.
(2) 21.7.2014 ലെ വർക്കിംഗ് ഗ്രൂപ്പ് യോഗ നടപടി കുറിപ്പ്.

**ഉത്തരവ്**

ഐ.സി.ഡി.എസ് പദ്ധതിയിലെ വിവരവിനിമയ വിദ്യാഭ്യാസ പ്രവർത്തനങ്ങളുടെ ഭാഗമായി നടപ്പ് സാമ്പത്തിക വർഷത്തിൽ അംഗൻവാടിതലത്തിൽ ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നതിനായി ഒരു അംഗൻവാടിയ്ക്ക് 1000/- രൂപ നിരക്കിൽ 33115 അംഗൻവാടികൾക്ക് 3,31,15,000/- രൂപയും, ജില്ലാ തലത്തിൽ എല്ലാ ശിശു വികസന പദ്ധതി ഓഫീസർമാരേയും സൂപ്പർ വൈസർമാരേയും JPHN,LHIs എന്നിവരെയും ഉൾപ്പെടുത്തി 4 ബാച്ചുകളായി തിരിച്ചുള്ള പരിശീലനത്തിനായി 14,00,000/- രൂപയും ബ്ലോക്ക്തല പരിശീലന പരിപാടിക്കായി 1,29,00,000/- രൂപയും ചേർത്ത് ആകെ 4,74,15,000/- രൂപ താഴെപ്പറയുന്ന രീതിയിൽ നടപ്പു സാമ്പത്തിക വർഷത്തിലെ 2235-02-102-98 (പി) (01) 34 അദർ ചാർജ്ജസ് ശീർഷകത്തിൽ നിന്നും ചെലവഴിക്കുന്നതിന് പരാമർശം(1) പ്രകാരം സാമൂഹ്യനീതി ഡറയക്ടർ അനുമതി ആവശ്യപ്പെട്ടിട്ടുണ്ട്.

| Sl No. | Programme Component | Cost Norm | Central State Sharing ratio | Total Amount |
|---|---|---|---|---|
| 1. | IEC( Including IYCF activities At District Level) | Rs.1,00,000/- (14x1,00,000) Districts | 75% : 25% | Rs.14,00,000/- |
| 2. | IEC( Including IYCF activities At Project Level) | Rs.50,000 (258x50000) ICDS Project | 90% :10% | Rs.1,29,00,000/ |
| 3. | IEC( Including IYCF activities At Anganwadi Level) | Rs. 1,000/- (33115x1000) AWC | 90% :10% | Rs.3,31,15,000/ |
| Grant Total | | | | RS.4,74,15,000/- |

(2) 21.7.2014 ൽ നടന്ന വർക്കിംഗ് ഗ്രൂപ്പ് യോഗം ടി ശുപാർശ അംഗീകരിച്ചിട്ടുണ്ട്.

(3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും ഐ.സി.ഡി.എസ് പദ്ധതിയിൻ കീഴിലെ വിവരവിനിമയ വിദ്യാഭ്യാസ പ്രവർത്തനങ്ങളുടെ ഭാഗമായി അംഗൻവാടിതല ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നതിന് ഭരണാനുമതി നൽകിയും ഇതിന് ആവശ്യമായി വരുന്ന 4,74,15,000/- രൂപ (നാല് കോടി എഴുപത്തിനാലു ലക്ഷത്തി പതിനയ്യായിരം രൂപ മാത്രം) നടപ്പ് സാമ്പത്തിക വർഷത്തെ "2235-02-102-98 (പി) (01) 34 അദർ ചാർജ്ജസ്" എന്ന ശീർഷകത്തിൽ നിന്നും ചെലവഴിക്കുന്നതിന് അനുമതി നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
ഡോ.കെ.എം. എബ്രഹാം
അഡീഷണൽ ചീഫ് സെക്രട്ടറി

സാമൂഹ്യനീതി ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എആന്റ്ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഡി.ബി. സെൽ) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്
ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്
സാമൂഹ്യനീതി (എ) വകുപ്പ്.
വെബ് & ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ , ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ